# FIRST SUMMATIVE ASSESSMENT
## SEPTEMBER 2012
## GRADE X

**Sub: MALAYALAM**

**Max. Marks: 90**
**Time: 3 Hours**

## "എ" വിഭാഗം

I **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .**

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവകാശസ്ഥാപനത്തിനു വേണ്ടിയുള്ള സമരത്തിനാണ് ഗാന്ധിജി ആദ്യമായി സത്യാഗ്രഹം ഒരുപാധിയായി പ്രയോഗിക്കുന്നത്. ആ സമരപരിപാടി കുറെ മുമ്പോട്ടു പോയപ്പോൾ മാത്രമാണ് അതുവരെ സമ്പാദിച്ചിരുന്ന മാനസിക ശിക്ഷണത്തിന്റെ അപര്യാപ്തത അദ്ദേഹത്തിനു ബോദ്ധ്യമായത്. ആത്മശുദ്ധീകരണത്തിലൂടെയും ബ്രഹ്മചര്യത്തിലൂടെയും ആത്മസാക്ഷാത്കാരം നേടുന്നവനു മാത്രമേ യഥാർഥ സത്യാഗ്രഹിയാകാൻ കഴിയൂ എന്ന് ഗാന്ധിജി മനസ്സിലാക്കി. ആത്മസാക്ഷാത്കാരം നേടാൻ ഗാന്ധിജി കഠിനമായ പരീക്ഷണങ്ങളെയാണ് നേരിട്ടത്. ഉപവാസം ആഹാരനിയന്ത്രണം തുടങ്ങിയവ ഗാന്ധിജി അനുഷ്ഠിച്ച കഠിനമായ ചര്യകളിൽ ചിലതുമാത്രമാണ്. പൗരാണിക കാലത്തെ ഋഷിമാർ മനന ധ്യാനങ്ങൾകൊണ്ടാണ് ആത്മസാക്ഷാത്കാരം നേടിയത്. പക്ഷെ മഹാത്മജി അതുകൊണ്ടു തൃപ്തനല്ല. രാഷ്ട്രീയമടക്കമുള്ള എല്ലാ പൊതു പ്രവർത്തനങ്ങൾക്കുമായി തന്റെ ജീവിതം സർവാത്മനാ സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ആ ആത്മസമർപ്പണത്തിലൂടെയാണ് ഗാന്ധിജി ആനന്ദവും മോക്ഷവും കൈവരിച്ചത്.

1 മാനസിക ശിക്ഷണത്തിന്റെ അപര്യാപ്തത ഗാന്ധിജിയ്ക്ക് ബോധ്യമായതെപ്പോൾ ? 2
2 ആത്മസാക്ഷാത്കാരം നേടാൻ ഗാന്ധിജി ചെയ്തതെന്തെല്ലാം ? 2
3 യഥാർഥ സത്യാഗ്രഹിയാകാൻ കഴിയുന്നതാർക്കാണ് ? 2
4 ആത്മസാക്ഷാത്ക്കാരത്തിലൂടെ ഗാന്ധിജി കൈവരിച്ചതെന്തെല്ലാം? 2
5 ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## "ബി" വിഭാഗം

II 1 **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക** 7
(i) യുവജനോത്സവം
(ii) ഭീകരവാദം
(iii) മദ്യവും മയക്കുമരുന്നും

2 **റോഡപകടങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യപ്പെട്ടുകൊണ്ടു ഗതാഗതവകുപ്പുമന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക** 7

## "സി" വിഭാഗം

**III**

**(a)** 1 **പ്രയോഗം മാറ്റുക** 1

നന്ദി കാണിപ്പാനായി സൂര്യകാന്തി ശിരസ്സു കുനിച്ചു

2 **അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക** 1

തെങ്ങുകളിലെ കരിക്കുകളിൽ വാവലുകൾക്ക് അവകാശമുണ്ട്

3 **അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** 1

ആര്യപുത്രനെ കാണാനുള്ള കൗതുകം വളരെയുണ്ടെങ്കിലും എനിക്ക് ആശ്രമം വിട്ടുപോകാൻ തോന്നുന്നില്ല

4 **തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക**

കൃഷിവൃത്തിയുടെ സാമൂഹികമായ അടിസ്ഥാനവും സ്വഭാവത്തെയും ആണ് അതിൽ ആചാര്യൻ സ്വീകരിച്ചിരിക്കുന്നത് 1

**(b)** 1 **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 2

(i) ഒന്നായ

(ii) പീഡയുണ്ട്

2 **വിഗ്രഹിച്ച് സമാസം നിർണയിക്കുക** 2

(i) ജരാനര

(ii) നിർഗന്ധം

3 **ശരിയായ പര്യായപദങ്ങളേത് ?** 2

(i) മാവ്

(a) ചൂതം (b) കിസലയം (c) തൃണം (d) മാകന്ദം

(ii) ബാണം

(a) അർജ്ജുനം (b) കൃപാണം (c) ശരം (d) വിശിഖം

4 **ശരിയായ നാനാർഥപദങ്ങളേവ ?** 2

(i) ദൃഷ്ടാന്തം

(a) ദണ്ഡം (b) ഉദാഹരണം (c) കാരണം (d) കണ്ണാടി

(ii) സ്നേഹം

(a) ഇഷ്ടം (b) മോക്ഷം (c) ശ്രേഷ്ഠം (d) എണ്ണ

5 **ശരിയായ വിപരീതപദമേത് ?** 2

(i) മന്ദം

(a) ശീഘ്രം (b) വ്യൂഹം (c) ഹ്രസ്വം (d) ആമന്ദം

(ii) നവീനം

(a) ആധുനികം (b) സംഹാരം (c) പുരാതനം (d) നിഗ്രഹം

6 **ശരിയായ അർഥവ്യത്യാസം എടുത്തെഴുതുക** 2

(i) സഖ്യം - സംഖ്യം

(a) ഉത്പത്തി (b) സന്ധി (c) യുദ്ധം (d) അക്കം

(ii) ഭംഗം - ഭൃംഗം

(a) നാശം (b) ഉപദ്രവം (c) അവസ്ഥ (d) വണ്ട്

7 എതിർലിംഗമെഴുതുക 2

(i) സ്വാമി

(a) സ്വാമിജി (b) സമിനി (c) സ്വാമിനി (d) സൗമിത്രി

(ii) സഖി

(a) സഖാവ് (b) സഖൻ (c) സഖിനി (d) സഖാത്

(GIRLS) DAMMA

## "ഡി" വിഭാഗം

IV (i) ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 8 x ½ = 4

1 യയാതിയിൽ ശർമിഷ്ഠയ്ക്ക് ജനിച്ച മകനാര് ?
(a) നാരദൻ (b) ശാർങ്ഗരവൻ (c) പുരു (d) ദുഷ്യന്തൻ

2 "അക്ഷരം പുറപ്പെട്ടില്ലന്യോന്യം
നോക്കീ ഞങ്ങൾ" അപ്പോൾ എന്തു സംഭവിച്ചു ?
(a) നേരം പുലർന്നു (b) തെക്കൻകാറ്റടിച്ചു (c) ലോകം പുച്ഛരിച്ചു
(d) കറമ്പിരാവെത്തി

3 നീലച്ചിറകുള്ള ഈച്ച ബഷീറിനെ ഓർമിപ്പിക്കുന്നതെന്ത് ?
(a) ഈശ്വരസൃഷ്ടിയെപ്പറ്റി (b) പൂർണ കലാസൃഷ്ടികളെപ്പറ്റി (c) അഹിംസയെപ്പറ്റി
(d) മനുഷ്യന്റെ നിസ്സഹായതയെക്കുറിച്ച്

4 ദശരഥവിലാപം എന്ന പാഠഭാഗം അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏതു കാണ്ഡത്തിൽ നിന്നെടുത്തതാണ് ?
(a) ബാലകാണ്ഡം (b) സുന്ദരകാണ്ഡം (c) ആരണ്യകാണ്ഡം (d) അയോധ്യാകാണ്ഡം

5 താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതു തൊട്ടു സത്യം ചെയ്യുന്ന പതിവാണ് പഴയകാലത്തു നിലവിലുണ്ടായിരുന്നത് ?
(a) പൊതു ചിറ (b) കൃതക്ഷേത്രം (c) ഉഴവുചാൽ (d) മേച്ചിൽ സ്ഥലം

6 "ചിന്തിച്ചു നിങ്ങളെയെനിക്കിനിയാധി വേണ്ടാ" ആരെക്കുറിച്ചാണ് ആധിയില്ലാത്തത് ?
(a) അനസൂയ, പ്രിയംവദ (b) ദുഷ്യന്തൻ, ശകുന്തള (c) ശകുന്തള, മാൻകിടാവ്
(d) ശകുന്തള, വനജ്യോത്സ്ന

7 നാളെ പുലർച്ചയ്ക്ക് സൂര്യനെത്തുമ്പോൾ കാണുന്ന കാഴ്ചയെന്തായിരിക്കും ?
(a) തന്നെ ഉറ്റുനോക്കുന്ന സൂര്യകാന്തിയെ (b) വാടി ഭൂമിയിൽവീണ സൂര്യകാന്തിയെ
(c) ശിരസ്സു കുനിഞ്ഞ സൂര്യകാന്തിയെ (d) സൗമ്യമായി നോക്കുന്ന സൂര്യകാന്തിയെ

8 "ഭൂമിയുടെ അവകാശികൾ വായിക്കുമ്പോൾ" എന്ന ലേഖനം എഴുതിയതാര് ?
(a) ഏ. ആർ. രാജരാജവർമ്മ (b) വൈക്കം മുഹമ്മദ് ബഷീർ
(c) പി. കെ. രാജശേഖരൻ (d) കുറ്റിപ്പുഴ കൃഷ്ണപിള്ള

(ii) 1 ബഷീറിന്റെയും ഭാര്യയുടെയും കാഴ്ചപ്പാടുകൾക്കു തമ്മിൽ ഉള്ള വ്യത്യാസമെന്ത് ? 4

2 പുത്രീവിയോഗവ്യഥയെക്കുറിച്ച് കാശ്യപൻ ചിന്തിക്കുന്നതെന്ത് ? 4

3 വല്ല ഗുഹയിലും തപസ്സു ചെയ്യുകയാണു നല്ലതെന്നു ഭാര്യ പറഞ്ഞപ്പോൾ തമാശവിട്ട് ചിന്താധീനനാകാൻ ബഷീറിനെ പ്രേരിപ്പിച്ച സംഗതികളെന്ത് ? 4

4 പൗരാണിക കാർഷികവ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ? 4

(iii) 1 മുനി ബാലകനോടു ദശരഥൻ കേണുകൊണ്ടു പറഞ്ഞതെന്ത് ? 4

2 വീണു കിടക്കുന്ന സൂര്യകാന്തിയെ കണ്ട് സൂര്യൻ വിഷാദപൂർവം എന്തോർത്തേക്കാം എന്നാണു സൂര്യകാന്തി വിചാരിക്കുന്നത് ? 4

3 മകനെക്കാണാഞ്ഞു വൃദ്ധപിതാവ് എന്താണു ചിന്തിച്ചത് ? 4

4 “ഒന്നുമുത്തരം തോന്നീ -
ലെങ്ങനെ തോന്നും സർവ -
സന്നുതൻ സവിതാവെ -
ങ്ങെങ്ങു നിർഗന്ധം പുഷ്പം” 4

സന്ദർഭവും ആശയവും അലങ്കാരവും വ്യക്തമാക്കുക.

(iv) **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (6 x 2) 12

1 അപ്പു എത്തിച്ചേർന്ന ദ്വീപിന്റെയും ദ്വീപുനിവാസികളുടെയും പ്രത്യേകതകളെന്ത് ?

2 അപ്പു എങ്ങനെയാണ് അടുത്ത മുത്താമയാകാൻ തെരഞ്ഞെടുക്കപ്പെട്ടത് ?

3 അപ്പു എങ്ങനെയാണ് ഒറ്റപ്പെട്ട ദ്വീപിൽ അകപ്പെട്ടത് ?